(ബി) ഇതിൽ എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു ; ഇതിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തി ;

(സി) ഇപ്പോൾ വകുപ്പിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008 ജനുവരിക്കുശേഷം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) മാരുടെ 76 വേക്കൻസികളാണ് ഈ വകുപ്പിൽ ഉണ്ടായിരുന്നത്.

(ബി&സി) 76 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എൻ.ജി.ഒ.ക്വാർട്ടേഴ്സിലെ താമസക്കാർ

262 (859) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കായി നിർമ്മിച്ചിട്ടുള്ള ക്വാർട്ടേഴ്സുകളിൽ സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർ താമസക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എം.ജി. യിലെ ഹരിഹർ നഗർ ഇ4എ ക്വാർട്ടേഴ്സിൽ ഇപ്പോൾ താമസിക്കുന്നതാരാണെന്നും താമസിക്കുന്നയാൾ ഏത് വകുപ്പിലെ ജീവനക്കാരനാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പി.എം.ജി.-യിലെ ഹരിഹർ നഗർ ഇ4 എ ക്വാർട്ടേഴ്സിൽ ഇപ്പോൾ താമസിക്കുന്നത് അർദ്ധ സർക്കാർ സ്ഥാപനമായ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയിലെ ജീവനക്കാരിയായ ശ്രീമതി ചന്ദ്രികാദേവി (ക്ലീനർ) ആണ്.

നിയമപരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട്

263 (860) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയമ പരിഷ്ക്കരണം നടത്തുന്നതിന് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചതെന്നറിയിക്കുമോ ;

(ബി) കമ്മീഷൻ പുതുക്കി ഏതെല്ലാം നിയമനങ്ങൾ കൊണ്ടുവരുന്നതിനാണ് ശുപാർശ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) നിലവിലുള്ള ഏതെല്ലാം നിയമനങ്ങൾ റദ്ദ് ചെയ്യണമെന്നാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ഏതെല്ലാം നിയമനങ്ങൾക്കാണ് കമ്മീഷൻ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ഇ) കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ നാളിതുവരെ എന്തെല്ലാം തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കമ്മീഷന്റെ ഏതെങ്കിലും ശുപാർശകൾ സർക്കാർ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടോ ;

(ജി) കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കമ്മീഷന്റെ റിപ്പോർട്ട് 20-2-2009-ന് സർക്കാരിന് സമർപ്പിച്ചു.

(ബി-ഡി) 20-2-2009-ന് സർക്കാരിന് സമർപ്പിച്ച 1164 പേജ് വരുന്ന മൂന്ന് വാല്യങ്ങളുള്ള കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ടിൽ വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന 104 കരട് ബില്ലുകളുണ്ട്. അവയിൽ 65 ബില്ലുകൾ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും 30 ബില്ലുകൾ നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും 9 ബില്ലുകൾ നിലവിലുള്ള ചട്ടങ്ങളും റഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനുമുള്ളതാണ്. കാലഹരണപ്പെട്ട 107 നിയമങ്ങൾ റദ്ദാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

(ഇ-ജി) സുപ്രധാനമായ പല കണ്ടെത്തലുകളും ഉള്ള കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 31-3-2010-ലെ ജി.ഒ.(എം എസ്.) നം.62/2010 എന്ന ഉത്തരവിലൂടെ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

264 (861) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. രാഘവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly